

വചനഭാഷ്യം
അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass**
**SCRIPTURE READINGS**

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

2023
സെപ്റ്റംബർ 08


**പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുന്നാൾ**



# ഓപ്പറേഷൻ ഹോപ്പ്

ഉത്പത്തി 17:15-22, ഏശയ്യ 43:1-7, വെളിപാട് 12:1-6, മത്തായി1:1-16

അതിജീവനത്തിന്റെ അതിശയ ഗാഥ പാടിക്കൊണ്ട് ആ കുഞ്ഞുങ്ങൾ ആമസോൺ കൊടുംകാടിനുള്ളിൽ കഴിച്ചുകൂട്ടിയത് നീണ്ട നാൽപത് ദിനരാത്രങ്ങൾ! അക്ഷരാർത്ഥത്തിൽ ലോകത്തെ ഞെട്ടിച്ചുകളയുകയായിരുന്നു ആ കുരുന്നുകൾ ! ഒരേസമയം പൈദാഹത്തിൽ നിന്നും വിഷപ്പാമ്പുകളിൽ നിന്നും വന്യമൃഗങ്ങളിൽ നിന്നും ആ കുഞ്ഞുങ്ങളെ പൊതിഞ്ഞു പിടിച്ചുകൊണ്ട്, നിരാശയുടെ നിലയില്ലാക്കയങ്ങളിൽ താണുപോകാതെ, തന്റെ നെഞ്ചിലെ കനലും ഉള്ളം നിറയെ പ്രത്യാശയും അവർക്കായി പകർന്ന ആമസോൺകാട് അവർക്ക് അമ്മൈസിങ് സോണായി, അവരുടെ അമ്മസോണായി .... പെറ്റമ്മ നഷ്ടപ്പെട്ട അവരുടെ അമ്മയായി. ഈശോയുടെ കുരിശുമരണത്തിനും സ്വർഗ്ഗാരോഹണത്തിനും ശേഷം ചിതറുകയും അനാഥരായിപ്പോവുകയും ചെയ്ത ശിഷ്യൻമാരെ സെഹിയോൻ മാളികയിൽ ചേർത്തു പിടിച്ച്, പ്രത്യാശയും മനോധൈര്യവും പകർന്നുനൽകിയ പരിശുദ്ധ മറിയത്തിന്റെ ഇതുപോലുള്ള ഒരു സവിശേഷമായ ഇടപെടലിൽ ഉരുവം കൊണ്ടതാണ് എന്റേയും നിന്റേയും തിരുസഭ! ആ ചങ്കൂറ്റത്തിൽ പണിതുയർത്തിയ സഭയിലാണ് ഞാനും നിങ്ങളും ഇന്ന് ജീവനോടെയിരിക്കുന്നത്. ലോകം നാളിതു വരെ ദർശിച്ച ഏറ്റവും ധീര വനിതയായ ആ പരിശുദ്ധ അമ്മകന്യയുടെ ജൻമദിനമാണ് നാമിന്ന് ആഘോഷിക്കുന്നത് !

## പകരുന്ന പ്രത്യാശ

മലപ്രദേശത്തുള്ള പട്ടണത്തിലേയ്ക്ക് തിടുക്കത്തിൽ യാത്ര പുറപ്പെടുന്ന മറിയത്തെ സുവിശേഷത്തിന്റെ ആദ്യതാളുകളിൽത്തന്നെ വരച്ചിടുന്നുണ്ട്, വിശുദ്ധ ലൂക്കാ. ഒരു ചിത്രകാരനായതുകൊണ്ടു കൂടിയാവാം ആ രംഗത്തിന് സവിശേഷമായ ചാരുത പകരാൻ ലൂക്കാ സുവിശേഷകനായത് !

ദേവാലയത്തിൽ വച്ച് ദൂതന്റെ വാക്കുകൾ അവിശ്വസിച്ചതിനാൽ മൗനിയായിപ്പോയ സഖറിയ എന്ന കുടുംബനാഥൻ നയിക്കുന്ന വീട്..... ദേവാലയത്തിൽ വച്ചുണ്ടായ ദിവ്യദർശനങ്ങളെക്കുറിച്ചൊന്നും ഉരിയാടാനാവാതെ, അറിഞ്ഞതിൽ പാതി പോലും പറയാനാവാതെ വിഷമിക്കുന്ന ആ ജ്ഞാനവൃദ്ധനെക്കണ്ട് അയാൾക്ക് അരുതാത്തതെന്തോ സംഭവിച്ചെന്നോർത്ത്, ചങ്കു തകർന്ന്, പ്രായത്തിന്റെ ദുർബലതകൾക്കൊപ്പം ഗർഭിണികൂടി




ജോസ് മാത്യു മൂഴിക്കുളം

യായതിനാൽ ഇപ്പോൾ കൂടുതൽ അവശയായിരിക്കുന്ന ഏലീശ എന്ന പാവം കുടുംബനാഥ .... ആ വൃദ്ധയും കണവനെപ്പോലെ മൗനത്തിലേയ്ക്ക് വീണുപോയിട്ടുണ്ടാവണം, സ്വാഭാവിക മൗനത്തിലേയ്ക്ക്. മിണ്ടാട്ടമില്ലാതെ, കളിചിരിയില്ലാതെ, ജീവിതത്തിൽ സംഭവിക്കാൻ പോകുന്ന പ്രത്യാശ യെക്കുറിച്ച് തിരിച്ചറിയാനാവാതെ, പരസ്പരം ഊന്നുവടികളാവാനാവാതെ, സംഭാഷണമില്ലാതെ പോയ ആ ഭവനത്തിലേയ്ക്കാണ് മറിയം എന്നു പേരായ പ്രകാശം പരത്തുന്ന ആ പെൺകുട്ടി തിടുക്കത്തിൽ വന്നു കയറുന്നത്. അവളുടെ ചങ്കിലും ഉദര ത്തിലും ദൈവം! ആ പെൺകുട്ടിയുടെ കടന്നുവരവിലൂടെ ആ ഭവനത്തിനു സംഭവിക്കുന്ന മാറ്റം അവിശ്വസനീയം! അവളുടെ ഒരു അഭിവാദനം കേട്ടപ്പോൾ ത്തന്നെ പരിശുദ്ധാത്മാവിൽ നിറയുക യായി ഏലീശ. (ലൂക്ക 1:41). ഭവന ത്തിൽ പ്രത്യാശ തിരതല്ലുകയായി. 'ഉത്തിഷ്ഠത ജാഗ്രത, പ്രാപ്യവരാൻ നിബോധത' എന്ന് ആ കുടുംബത്തെ പഠിപ്പിക്കുകയായിരുന്നു മറിയം. Arise! Awake! and stop not, till the goal is reached. നിരാശയിൽ നിന്ന് പ്രത്യാശയുടെ പൊൻപുലരിയിലേക്ക് സഖറിയായുടെ കുടുംബത്തെ കൈപിടിച്ചുയർത്തുന്ന മറിയത്തിന്റെ ആ സവിശേഷദൗത്യത്തെ 'ഓപ്പറേഷൻ ഹോപ്പ്' എന്നുതന്നെ വിശേഷിപ്പിക്കണം. എന്തെന്നാൽ, പുൽ ക്കൂട്ടിൽ പ്രസവിക്കുന്നതിനും മുമ്പേ, ക്രിസ്തുവിനെ ആ ഭവനത്തിൽ ജനിപ്പിക്കുവാൻ അമ്മയ്ക്ക് കഴിഞ്ഞിരി ക്കുന്നു! ഇപ്പോൾ പ്രകാശത്തിൽ ജ്വലിക്കുകയാണ് ആ കുടുംബം.....

അമ്മേ, പരസ്പരം തിരിച്ചറിയാനാ വാത്ത..., സംഭാഷണങ്ങളില്ലാത്ത, ഞങ്ങളുടെ കുഞ്ഞുഭവനങ്ങളിലേക്കും, നീ കടന്നുവരണമേ. എന്തെന്നാൽ നിന്റെ കടന്നുവരവ് ഒറ്റയ്ക്കല്ലെന്നും, യേശുവിനെ സംവഹിച്ചുകൊണ്ട് മാത്രമേ നിനക്കെവിടെയും കടന്നുവ രാനാവുകയുള്ളൂ എന്നും സുവിശേ ഷത്താളുകളിൽ നിന്നുതന്നെ വ്യക്ത മാണ്! കാനായിലെ കല്യാണവീട്ടിലും സംഭവിച്ചത് അതുതന്നെയായിരുന്നു! നമ്മുടെയൊക്കെ കുടുംബത്തിലേയ് ക്കുള്ള, നമ്മുടെ ജീവിതത്തിലേയ്ക്കുള്ള അമ്മയുടെ കടന്നുവരവായി മാറട്ടെ ഈ ജൻമദിനം. കുഞ്ഞായി ജനിച്ചതിന്റെ വാർഷികോർമ്മയാചരണങ്ങളല്ല; മറിച്ച്, അമ്മ നമ്മളിലേയ്ക്ക് ജനിക്കുന്ന ദിനമാവട്ടെ ഈ പിറവിത്തിരുന്നാൾ. ഇനി പരിശുദ്ധ അമ്മയെ കണ്ടെത്തിക്ക ഴിഞ്ഞാലോ, മറ്റുള്ളവരിലേയ്ക്ക് സാക്ഷാൽ യേശുവിനെത്തന്നെ ജനിപ്പി ക്കാൻ നമുക്കാവും. ലോകമങ്ങനെ പ്രകാശത്താൽ നിറയട്ടെ. മെഴുകുതിരി കളൊക്കെ ഊതിക്കെടുത്തിക്കൊണ്ടാണ് സാധാരണ ജൻമദിനങ്ങൾ ഞങ്ങൾ ഘോഷിക്കാറുള്ളത്. എന്നാൽ ഊതി ക്കെടുത്തിക്കൊണ്ടല്ല, ചാരം കൊണ്ട് മൂടിപ്പോയ നമ്മുടെയൊക്കെ ഉള്ളിലെ നന്മയുടെ കനലുകൾ ഊതിക്കത്തിച്ചു കൊണ്ട് അമ്മയുടെ ഈ പിറന്നാൾ നമുക്ക് ഗംഭീരമാക്കാം. അതായിരിക്കട്ടെ അമ്മയ്ക്കുള്ള പിറന്നാൾ സമ്മാനം!

## പ്രത്യാശയുടെ നക്ഷത്രം

യേശുവിനെയും മറിയത്തെയും ദൈവശാസ്ത്രസംസ്കാരം നക്ഷത്രം കൊണ്ടു ബന്ധിച്ചിരിക്കുന്നു എന്ന് കെ പി അപ്പൻ. ആത്മീയമായി ഉണർന്നിരി ക്കുന്നവരുടെ പ്രതീകമാണല്ലോ നക്ഷത്രം. ഒപ്പം, പ്രതീക്ഷയുടെ പ്രതീകം കൂടിയാണ് അത് . അതുകൊണ്ടാവണം നാവികർക്കു വഴികാണിക്കുന്ന സമുദ്ര താരമായി മറിയത്തെ ഉയർത്തിക്കാണി ക്കുന്നത് . വേഡ്സ് വർത്ത് ഒരു പടി കൂടികടന്ന് 'ഏറ്റവും സുന്ദരമായ നക്ഷത്രത്തേക്കാൾ സുന്ദരിയായ കന്യക' എന്നാണ് ലോകത്തിൽ മറിയത്തെപ്പറ്റി വിളിച്ചു പാടിയത്. ആംഗലേയകവികൾ വാഴ്ത്തിപ്പാടിയതുപോലെ മലയാളഭാവനയ്ക്ക് കന്യകാമറിയത്തെ ഇനിയും ആരാധനയുടെ പ്രാധാന്യത്തിൽ ഉൾക്കൊള്ളാൻ ആയിട്ടില്ല എന്നു വിലപിച്ച അക്രൈസ്ത വനായ ഒരു സാഹിത്യകാരനുണ്ട് മലയാളത്തിൽ. 'മധുരം നിന്റെ ജീവിതം' എന്ന കൃതിയിലൂടെ മലയാളത്തിലെ തന്നെ മികച്ച മേരീവിജ്ഞാനകൃതി വിരചിച്ച സർഗധനനായ ശ്രീ കെ പി അപ്പനാണത് .

## കുരിശോളമെത്തുന്ന പ്രത്യാശ

ദൈവാനുഗ്രഹത്തിന്റെയും സൗഭാഗ്യപൂർണമായ ദൈവദർശനത്തി ന്റെയും വിശ്വാസപൂർണമായ പ്രതീക്ഷ യാണ് 'പ്രത്യാശ 'യെന്ന് കത്തോലിക്കാ സഭയുടെ മതബോധനഗ്രന്ഥം പഠിപ്പിക്കുന്നു (CCC 2090). പരിശുദ്ധ അമ്മയോളം ഈ പ്രത്യാശ ലോകത്തെ പഠിപ്പിച്ച മറ്റൊരാളില്ല, ഉണ്ടാവുകയുമില്ല.

മനുഷ്യയുക്തിയാൽ സാധ്യമല്ല എന്നു ലോകം പറയുമ്പോഴും വിശ്വാസം കൊണ്ട് എല്ലാം സാധ്യമെന്നു തെളിയിച്ച പ്രത്യാശയുടെ ഈ നക്ഷത്രകന്യക അസാമാന്യകരുത്തുള്ള വളാണ്. കുരിശി ലെ കഠിനമായ വേദനകൾക്കിടയിൽ ചങ്കുപിളരുമ്പോഴും കുരിശിനുതാഴെ പാറപോലെ ഉറച്ചു നിൽക്കുന്ന അമ്മ യുടെ അസാമാന്യകരുത്ത് കാൽവരി മലയിലെ യാഗം പോലെതന്നെ പുകൾപെറ്റതുമാണ്. തിരക്കിനിടയിൽ പ്രത്യാശ നഷ്ടപ്പെടുന്ന ഈ ലോകത്തിൽ പരിശുദ്ധ അമ്മയിൽ നിന്നുതന്നെ ഇനിയും ഏറെ പഠിക്കാനുണ്ട് നമുക്ക്. അതെ, 'പാഠം ഒന്ന് അമ്മ.'

'അവളിൽ നിന്നു ക്രിസ്തു ജനിച്ചു ' എന്ന് ഇന്നത്തെ സുവിശേഷം. ശാരീരി കമായി യേശുവിന് ജൻമം കൊടുക്കു ന്നതിനും എത്രയോ മുമ്പേ തന്നെ സാന്നിധ്യം കൊണ്ട് യേശുവിനെ മറ്റുള്ളവരിൽ ജനിപ്പിക്കാൻ അവൾക്ക് കഴിഞ്ഞിരിക്കുന്നു. ഇപ്പോഴും എത്രയെത്ര ജീവിതങ്ങളിലേയ്ക്കാണ് യേശുവിനെ അവൾ ജനിപ്പിച്ചു കൊണ്ടിരിക്കുന്നത്. ഉള്ളിൽ നിന്നും യേശുവിനെ ജനിപ്പിക്കുവാൻ ഇനിയെന്നാണ് നമുക്കാവുക?

പ്രത്യാശ നഷ്ടപ്പെടുന്ന ലോകമാണ് നമ്മുടേത്. കേട്ടിട്ടില്ലേ- 'പ്രത്യാശ ഇല്ലാതെ ജീവിക്കുക എന്നാൽ ജീവിക്കാതിരിക്കുക എന്നതാണ് അർഥം'. പറഞ്ഞത് സാക്ഷാൽ ദോസ്തോവിസ്കി. അസ്തമിച്ചു കൊണ്ടിരിക്കുന്ന പ്രത്യാശ ലോകത്തിൽ വീണ്ടെടുക്കാനാവണം, ആമസോൺ കാടുകളിലെ കുഞ്ഞുങ്ങളെ വീണ്ടെടുത്ത ആ രക്ഷാദൗത്യത്തിന് കൊളംബിയൻ സർക്കാർ അന്വർത്ഥമായ ആ പേരു ചാർത്തിക്കൊടുത്തത് ! അത് ഇങ്ങനെയായിരുന്നു- ഓപ്പറേഷൻ ഹോപ്പ്! അതെ, പ്രത്യാശയുള്ളവരാകുക. കണ്ടുമുട്ടുന്നവരിൽ യേശുവിനെ ജനിപ്പിക്കുക!അമ്മയുടെ പിറവിത്തിരുന്നാൾ മംഗളങ്ങൾ !

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com